പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 255 — 26. 9.11 ൽ മറുപടിയ്ക്ക്

## ആലപ്പുഴ തുറമുഖത്തിന്റെ പുന:രുദ്ധാരണം

**ചോദ്യം**

ശ്രീ. ജി.സുധാകരൻ

**മറുപടി**

ശ്രീ. കെ.ബാബു
( എക്സൈസും തുറമുഖവും
വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | ആലപ്പുഴ തുറമുഖത്തിന്റെ പ്രവർത്തനം നിലച്ചതോടുകൂടി തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾ എത്ര ; ഇവരെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ | 1988-89 -ലെ കണക്ക് പ്രകാരം ആകെ 299 തൊഴിലാളികൾ ഉണ്ടായിരുന്നു. ഇവരിൽ ഇന്ന് ജീവിച്ചിരിക്കുന്ന തൊഴിലാളികൾ വളരെ കുറവാണ്. ഇവരെ പുനരധിവസിപ്പിക്കുന്നതിന് നിലവിൽ പദ്ധതി ഒന്നും ഇല്ല. |
| ബി | ഈ തൊഴിലാളികൾക്ക് സർക്കാരിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നുണ്ടോ ; വിശദമാക്കുമോ ; | ബി | കഴിഞ്ഞ ആറു വർഷമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഓണാഘോഷത്തോടനുബന്ധിച്ച് സാമ്പത്തിക സഹായം നൽകിവരുന്നു. കഴിഞ്ഞ ഓണത്തിന് 4500/- രൂപ വീതം തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും സഹായമായി നൽകി. |
| സി | ആലപ്പുഴ തുറമുഖം പ്രവർത്തന സജ്ജമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | സി | ആലപ്പുഴ തുറമുഖം BOT വ്യവസ്ഥയിൽ ഒരു മറീനയായും കാർഗോ തുറമുഖവുമായി വികസിപ്പിക്കുന്നതിലേക്ക് ഒരു വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുവാൻ കൺസൾട്ടന്റിനെ നിയമിച്ചിരുന്നു. ഇതു സംബന്ധിച്ച വിശദമായ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ